RESEARCH ARTICLE

INDIAN JOURNAL OF MULTILINGUAL RESEARCH AND DEVELOPMENT

Asian Research Association

DOI: 10.54392/ijmrd2322

# Cultural Assimilation and Christian Spirituality in the Writings of Arnos Padiri

## സംസ്കാരസ്വാംശീകരണവും ക്രൈസ്തവആത്മീയതയും - അർണോസ് പാതിരിയുടെ രചനകളിൽ

**R. Chandrabose** [a, *]

[a] Department of Malayalam, Central University of Kerala, Kasaragod-671316, Kerala, India

*Corresponding author Email: bosebosechandra@gmail.com

DOI: https://doi.org/10.54392/ijmrd2322

Received: 18-02-2023; Revised: 23-05-2023; Accepted: 03-06-2023; Published: 30-06-2023

**Abstract:** Arnos Padiri (1681-1732) is a missionary who popularised christian spirituality in Kerala. Unlike other missionaries who worked in Kerala, Padiri tried to spread christain spirituality through poetry by assimilating the Malayalam poetic tradition. Symbols of cultural integration and assimilation can be found in his religious and literary works. This paper try to evaluate Arnos Padiri's contribution to Malayalam Language literature and culture. The unique writing method adopted by him in creating a popular foundation for christian spirituality with the support of Kerala's cultural and literary tradition are also analyzed in this article.

**Keywords:** Arnos Padiri, Missionary, Christian Spirituality, Malayalam Language

**Subject Specialization:** Malayalam

## About the Author



**Dr. R. Chandrabose,** working as Associate Professor in the Department of Malayalam, under school of Languages and comparative literature, Central University of Kerala. The Central University of Kerala located in Kasaragod, a district of Kerala came into being in 2009, under Govt. of India the Central Universities act 2009, Dr. R. Chandrabose authored 4 books and 43 Research papers in Malayalam.

## ആമുഖം

ക്രൈസ്തവ ആത്മീയതയ്ക്ക് ജനകീയ പ്രചാരം നൽകിയ മിഷനറിയായിരുന്നു അർണോസ് പാതിരി. കേരളത്തിൽ പ്രവർത്തിച്ച ഇതര മിഷനറിമാരിൽ നിന്ന് വ്യത്യസ്തമായി മലയാളകാവ്യപാരമ്പര്യത്തെ സ്വാംശീകരിച്ചുകൊണ്ട് ക്രൈസ്തവ ആത്മീയത, കവിതയെന്ന മാധ്യമത്തിലൂടെ പ്രചരിപ്പിക്കാനാണ് അർണോസ് പാതിരി ശ്രമിച്ചത്. സാംസ്കാരിക സമന്വയത്തിന്റെയും സ്വാംശീകരണത്തിന്റെയും ചിഹ്നങ്ങൾ അദ്ദേഹത്തിന്റെ സാംസ്കാരിക ആത്മീയ പ്രവർത്തനങ്ങളിൽ കണ്ടെത്താം. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും അർണോസ് പാതിരി നൽകിയ സംഭാവനകൾ വിശദീകരിക്കുകയും കേരളീയ സംസ്കാര പാരമ്പര്യത്തിന്റെ പിൻബലത്തോടെ ക്രൈസ്തവ ആത്മീയതയ്ക്ക് ജനകീയ അടിത്തറയുണ്ടാക്കുന്നതിൽ അദ്ദേഹം സ്വീകരിച്ച മാർഗ്ഗങ്ങൾ സവിശേഷമായി കണ്ടെത്തുകയുമാണ് ഈ പ്രബന്ധത്തിൽ.

## മിഷനറിമാരും കേരളഭാഷയും

ഇന്ത്യയിലെ പ്രാദേശിക ഭാഷാസാഹിത്യത്തെ ആധുനികതയിലേക്കു സമുദ്ധരിക്കുന്നതിൽ മിഷനറിമാർ നൽകിയ സംഭാവനകൾ നിസ്തുലമാണ്. ഇന്ത്യയിലെ ഭാഷാമേഖലകളിലേക്കുള്ള

മിഷനറിമാരുടെ കടന്നുവരവ് കൊളോണിയൽ അധിനിവേശത്തിനു മുന്നോടിയായിരുന്നുവെങ്കിലും അവികസിതവും അല്പ വികസിതവുമായ പ്രാദേശിക ഭാഷകളെ പരിഷ്കരിക്കുന്നതിലും, വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിലും മിഷനറിമാരിലെ ഭാഷാവിദഗ്ദർ നൽകിയ സംഭാവനകൾ ഇന്ത്യയിലെ ഓരോ പ്രാദേശിക ഭാഷയുടെയും ചരിത്രത്തിന്റെ ഭാഗമാണ്. പലതിനും ലിപിരൂപം നിർദ്ദേശിച്ചതും ഉണ്ടായിരുന്ന ലിപിരൂപം പരിഷ്ക്കരിച്ചതും എല്ലാ ഭാഷകൾക്കും നിഘണ്ടു, വ്യാകരണം തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങൾ നിർമ്മിച്ചതും അച്ചടി ഏർപ്പെടുത്തിയതും അവരായിരുന്നു. ചുരുക്കത്തിൽ ഭാഷാദേശീയതകളുടെ ഉയിർപ്പിന് പശ്ചാത്തലമൊരുക്കിയ ബൃഹത്തായ സാംസ്കാരിക പദ്ധതിയായിരുന്നു മിഷനറിമാർ നടത്തിയത്.

'To Send' എന്ന അർത്ഥത്തിലുള്ള 'missionem' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് missionary എന്ന വാക്കിന്റെ ആവിർഭാവം 'A person sent on a religious mission especially one sent to promote christianity in a foreign country' എന്നത്രേ OED മിഷനറി എന്ന വാക്കിനു കൊടുക്കുന്ന വിശദീകരണം. ക്രിസ്തുവർഷം ആദ്യം തന്നെ ക്രിസ്തുമതാനുയായികൾ കേരളത്തിൽ വന്നിരുന്നതായി ചരിത്രകാരന്മാർ അനുമാനിക്കുന്നുവെങ്കിലും പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ് ക്രിസ്തുമതം സംഘടിതമായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വിവിധസഭകളുടെ പ്രതിനിധികളായി മിഷനറി സംഘങ്ങളെ നിയോഗിച്ചു തുടങ്ങിയത് അന്നത്തെ കോളനി ശക്തികളിലൊന്നായിരുന്ന പോർച്ചുഗൽ, കോളനീകരണത്തിനു സമാന്തരമായി മതപ്രചാരണവും നടത്തിപ്പോന്നു. എഡി 1498 ലാണ് വാസ്കോഡിഗാമ പോർച്ചുഗലിൽ നിന്ന് കോഴിക്കോട് വന്നിറങ്ങിയത്. അതിനുമുമ്പുതന്നെ പോർച്ചുഗീസ് മിഷനറിമാർ ഇവിടെ എത്തിയിരുന്നു. മിഷനറി പ്രവർത്തനങ്ങളിൽ ഭാഷാതടസ്സങ്ങൾ മറികടക്കുവാനായിരുന്നു അവർ ആദ്യം ശ്രമിച്ചത്. അത് ഒരു തരത്തിൽ ഭാഷയുടെ വളർച്ചയ്ക്കും മാനകീകരണത്തിനും സഹായകമായിത്തീർന്നു.

മലയാളഭാഷയുടെ വളർച്ചയ്ക്ക് തുടക്കം കുറിച്ച മിഷനറിമാരിൽ ഒരാളായിരുന്നു 1542 ൽ കേരളത്തിലെത്തിയ സെന്റ് ഫ്രാൻസിസ് സേവ്യർ. പോർച്ചുഗൽ, സ്പെയിൻ, ഹോളണ്ട്, ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് നിരവധി മിഷനറി സംഘങ്ങൾ കേരളത്തിലെത്തുന്നുണ്ട്. ഫ്രയർവിൻസന്റ്, ജോൺഗോൺസാൽവസ്, ജോർജ്ജ് കാസ്ട്രോ, ആഞ്ചലോഫ്രാൻസിസ്, അർണോസ് പാതിരി, ഫാദർ അലോഷ്യസ്മേരി, ക്ലോഡിയസ്ബുക്കാനൻ, ബഞ്ചമിൻ ബെയ്ലി, റവ.പിറ്റ്, എഫ്.സ്പ്രിഗ് തുടങ്ങി നിരവധി പേർ കേരളഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ സംഭാവനകൾ സവിശേഷം പഠിക്കപ്പെടേണ്ടവയാണ്. ക്രിസ്തുമത പ്രചരണം എന്ന ദൈവവേലയ്ക്കു വേണ്ടി മലയാളഭാഷ പഠിക്കുവാൻ നിർബന്ധിതരായവരായിരുന്നു അവർ. ആശയവിനിമയത്തിന് പ്രാദേശികഭാഷ പഠിക്കുക എന്ന ഉപകരണയുക്തിക്കപ്പുറം ഭാഷാപഠനത്തിനായി അവർ രൂപപ്പെടുത്തിയ സവിശേഷ രീതിശാസ്ത്രം മലയാളഭാഷയുടെ ആധുനികതയ്ക്ക് അടിത്തറയായി. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രവും ധൈഷണികമാർഗ്ഗവും പ്രാദേശികഭാഷകളുടെ പഠനത്തിൽ പ്രയോഗിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു.

വേദപഠനത്തിനായി മിഷനറിമാർ സ്ഥാപിച്ച സെമിനാരികൾ ഭാഷാപാഠശാലകളായി മാറുകയാണുണ്ടായത്. ഫ്രയർവിൻസന്റ് എന്ന ഫ്രാൻസിസ്കൻ സന്യാസി എഡി 1542 ൽ കൊടുങ്ങല്ലൂരിനടുത്ത് ചേന്നമംഗലത്ത് സ്ഥാപിച്ച സെമിനാരിയെ തുടർന്ന് കൊടുങ്ങല്ലൂരിൽ വേദേതരവിഷയങ്ങളും ഭാഷയും പഠിപ്പിക്കുവാൻ വിദ്യാലയവും സ്ഥാപിച്ചു. കേരളത്തിലെ പല സ്ഥലങ്ങളിലും വേദപാഠശാലകളും അതോടനുബന്ധിച്ച് വിദ്യാലയങ്ങളും വ്യാപകമായി സ്ഥാപിച്ചു കൊണ്ട്, മതപ്രചാരണത്തോടൊപ്പം സാക്ഷരതയും വിജ്ഞാന വ്യാപനവും നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ മിഷനറിമാർ മുഴുകി. ഇതൊരു അനിവാര്യതയായിത്തീർന്ന സാഹചര്യത്തെക്കുറിച്ച് പുത്തൻകാവ് മാത്തൻ തരകൻ (1972) ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "പ്രാർത്ഥനകളിലും ആരാധനയിലും വിഭിന്ന ഭാഷകളാണ് അന്ന് ഉപയോഗിച്ചിരുന്നത്. സുറിയാനിക്രിസ്ത്യാനികൾ സുറിയാനിയും കത്തോലിക്കാ വിഭാഗങ്ങൾ ലത്തീൻ ഭാഷയുമാണ് ആരാധനയ്ക്ക് സ്വീകരിച്ചിരുന്നത്. ബൈബിളിൽ പഴയനിയമം ഗ്രീക്കുഭാഷയ്ക്കും പുതിയനിയമം ഹീബ്രുവിനുമാണ് പ്രാധാന്യം കൊടുത്തിരുന്നത്. പുറമേ ഇംഗ്ലീഷിന്റെ പ്രാധാന്യം കുറയ്ക്കാനും മിഷനറിമാർക്ക് സാധ്യമല്ലായിരുന്നു. അതിനാൽ അവർ ആരംഭിച്ച വിദ്യാലയങ്ങളിൽ പലതിനും പല ഭാഷകളും പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ അവരുണ്ടാക്കി" (പു.184). മതപ്രചാരണ പ്രവർത്തനങ്ങളോടൊപ്പം വിദ്യാഭ്യാസത്തിനാവശ്യമായ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലും മിഷനറിമാർ വ്യാപൃതരായി. മലയാളഭാഷയ്ക്കാകട്ടെ പഠനത്തിനുതകുന്ന ഗ്രന്ഥങ്ങളോ നിഘണ്ടുക്കളോ ഒന്നും ഉണ്ടായിരുന്നില്ല.

മലയാളഭാഷയെക്കുറിച്ച് അതിനുമുമ്പുണ്ടായ വ്യാകരണഗ്രന്ഥം എന്നു പറയാവുന്നത് 14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ലീലാതിലകമായിരുന്നു. അതാകട്ടെ സംസ്കൃതത്തിലായിരുന്നു. തമിഴ്-സംസ്കൃതവ്യാകരണഗ്രന്ഥങ്ങളുടെ മാതൃകയിൽ രചിക്കപ്പെട്ട, സാഹിത്യഭാഷയായ മണിപ്രവാളത്തെ

മുൻനിർത്തിയുള്ള ലീലാതിലകം, മലയാളികൾക്കോ വിദേശികൾക്കോ ഉപയോഗയോഗ്യമായിരുന്നില്ല. മാത്രമല്ല നാട്ടുഭാഷയ്ക്ക് അർഹമായ പ്രാധാന്യം കൊടുക്കേണ്ടതാണെന്ന ബോധം തദ്ദേശീയ പണ്ഡിതന്മാർക്കുണ്ടായിരുന്നില്ല. "കേരളത്തിൽ പണ്ടുണ്ടായിരുന്ന പണ്ഡിതന്മാരിൽ ഭൂരിപക്ഷവും ബ്രാഹ്മണരായിരുന്നതുകൊണ്ട് അവർ സംസ്കൃതഭാഷയിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിൽ അത്യുത്സുകരാവുകയും തങ്ങളുടെ ശ്രദ്ധപതിപ്പിക്കത്തക്കവണ്ണമുള്ള അർഹത നാട്ടുഭാഷയ്ക്കില്ലെന്നുള്ള ചിന്താഗതിക്കാരാവുകയും ചെയ്തിരുന്നു" എന്ന് മലയാളഭാഷയ്ക്ക് വ്യാകരണമെഴുതിയ ആദ്യത്തെ തദ്ദേശ മിഷനറി റവ.ജോർജ്ജ് മാത്തൻ തന്റെ 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭാഷാപണ്ഡിതന്മാരിൽ നിന്ന് മലയാളഭാഷ നേരിട്ടിരുന്ന അവഗണന ഇവിടെ വ്യക്തമാകുന്നുണ്ട്. അങ്ങനെയാണ് മിഷനറിമാർ കേരളത്തിൽ വന്ന് ഭാഷ പഠിക്കുവാൻ തുടങ്ങിയപ്പോൾ മലയാളഭാഷയ്ക്ക് വ്യാകരണങ്ങളും നിഘണ്ടുക്കളും തയ്യാറാക്കുന്നതിൽ മുഴുകിയത്. വിദേശികൾക്ക് മലയാളം പഠിക്കുന്നതിനുവേണ്ടിയും തദ്ദേശീയരെ ഭാഷ അഭ്യസിപ്പിക്കുന്നതിനു വേണ്ടിയും തയ്യാറാക്കപ്പെട്ട നിരവധി വ്യാകരണങ്ങളും നിഘണ്ടുക്കളും മറ്റ് ഗദ്യരചനകളും എല്ലാം മലയാളത്തിൽ ആധുനികാർത്ഥത്തിലുള്ള ഭാഷാശാസ്ത്രപഠനത്തിനും അതുപോലെ ഗദ്യകൃതികളുടെ ആവിർഭാവത്തിനും നിമിത്തമായി.

മിഷനറിമാരുടെ മതപ്രചാരണപ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും രൂപപ്പെട്ട സവിശേഷമായ ഗദ്യം, മിഷനറിഗദ്യം എന്ന പേരിൽ വ്യവഹരിക്കപ്പെട്ടു. ഇതൊരു തരത്തിൽ ഗദ്യചരിത്രത്തിലെ വികലഘട്ടമായും വികാസഘട്ടമായും പലരീതിയിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ ഭാഷാപഠനത്തിനും ഗദ്യവികാസത്തിനും മിഷനറിമാർ നൽകിയ സേവനങ്ങളുടെ പശ്ചാത്തലത്തിൽ വേണം മിഷനറിഗദ്യത്തെ മനസ്സിലാക്കാൻ. ഇതേപ്പറ്റി പ്രമുഖ ഭാഷാഗവേഷകൻ ഡോ.സ്കറിയ സക്കറിയ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. "മിഷനറിമാരുടെ ലോകബോധവും സാമൂഹികാനുഭവങ്ങളും ജീവിതലക്ഷ്യവും പലതരത്തിലുള്ളവയായിരുന്നു. ഗദ്യരചനയിൽ അവരെല്ലാം പ്രയോജനപ്പെടുത്തിയത് മലയാളഭാഷയുടെ പലതരം സാധ്യതകളാണ്. വിദേശത്തുനിന്നും ഒരു ഭാഷ കേരളത്തിൽ കൊണ്ടുവന്ന് നട്ടുപിടിപ്പിച്ചവരല്ല മിഷനറിമാർ. അവരുടെ ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി മലയാളഭാഷ അവർ പ്രയോജനപ്പെടുത്തുകയാണുണ്ടായത്" (ഡോ.സ്കറിയ സക്കറിയ 2014, ു.127)

വ്യാകരണഗ്രന്ഥങ്ങളാണ് മിഷനറിമാരുടെ ഭാഷാപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനം. മലയാളഭാഷയ്ക്കുവേണ്ടി വ്യാകരണം എഴുതിയ പാശ്ചാത്യമിഷനറിമാരിൽ പ്രഥഗണനീയൻ ഡോ.ആഞ്ചലോ ഫ്രാൻസിസ് എന്ന കത്തോലിക്കാ മിഷനറിയായിരുന്നു. ഇറ്റലിയിൽനിന്നു കേരളത്തിൽ വന്നു മലയാളം പഠിക്കുകയും വരമൊഴിക്കുവേണ്ടിയാണ് വ്യാകരണം വേണ്ടതെന്നു മനസ്സിലാക്കുകയും 1700 നും 1712 നുമിടയിൽ വരമൊഴിക്കുവേണ്ടി വ്യാകരണം രചിക്കുകയും ചെയ്തു. ഇങ്ങനെ മിഷനറിമാർ ഭാഷയെ ഉഴുതുമറിക്കുകയും അടിസ്ഥാനഗ്രന്ഥങ്ങൾ നിർമ്മിക്കുകയും മിഷനറി പ്രവർത്തനങ്ങൾ ഒരർത്ഥത്തിൽ സാംസ്കാരിക പ്രവർത്തനങ്ങളായിത്തീരുകയും ചെയ്ത ഘട്ടത്തിലാണ് കേരളത്തിൽ ക്രൈസ്തവആത്മീയ പ്രവർത്തനങ്ങളെ സാഹിത്യകേന്ദ്രിതമാക്കിയ അർണോസ് പാതിരിയുടെ രംഗപ്രവേശം

## അർണോസ് പാതിരിയും ക്രൈസ്തവ ആത്മീയ സാഹിത്യവും

വടക്കുപടിഞ്ഞാറൻ ജർമ്മനിയിൽ വെസ്റ്റ്ഫോളനിൽ ഓസ്നാബ്രൂക്കിനടുത്തുള്ള ഓസ്റ്റർകപ്പേല്ൻ എന്ന സ്ഥലത്ത്, കോൺറോസ് ഫോൺഹാങ്സ്ലേഡൻ, ബർത്ത അന്നഫോൺ കെവ്ലർ ദമ്പതികളുടെ രണ്ടുമക്കളിൽ ഇളയവനായി 1681 ലാണ് അർണോസ് പാതിരി എന്ന് പില്ക്കാലത്ത് പ്രസിദ്ധനായ യുവാൻ ഏണസ്റ്റ് ഫോൺഹാങ്സ്ലേഡൻ ജനിച്ചത്. 18-ാമത്തെ വയസ്സിലാണ് ഈശോസഭാവൈദികനായി ഇന്ത്യയിൽ മിഷനറി പ്രവർത്തനം നടത്തണമെന്ന ആഗ്രഹത്തോടെ ഇന്ത്യയിലേക്ക് തിരിച്ചത്. ഇറ്റലിയിലെ ലിവർണോ തുറമുഖത്തുനിന്ന് ഇന്ത്യയിലേക്ക് കപ്പൽ കയറി. അപകടകരവും യാതനാപൂർണവുമായിരുന്നു ആ യാത്ര. ഗുരുഭൂതനും നോവീസ്മാസ്റ്ററുമായ ഫാദർ വില്യംബബർ, വില്യംമേയർ, ഫ്രാൻസ്കാസ്പർഷില്ലർ എന്നിവർക്കൊപ്പമായിരുന്നു യാത്ര. അപകടപൂർണ്ണമായ ആ യാത്രയുടെ അവസാനഘട്ടത്തിൽ ഗുരുക്കന്മാരായ വില്യംബേഗും വില്യംമേയറും മരണത്തിനു കീഴടങ്ങി. ഒരു വർഷത്തിനുശേഷം 1700 ഡിസംബർ 13 ന് ഗുജറാത്തിന്റെ പടിഞ്ഞാറൻ തീരത്തുള്ള സൂറത്തിൽ കപ്പലിറങ്ങുമ്പോൾ ഇറ്റലിയിൽ നിന്നു പുറപ്പെട്ട ദൈവശുശ്രൂഷാസംഘത്തിൽ അവശേഷിച്ചത് അർണോസും ഷില്ലിംഗും മാത്രം. 1701 തുടക്കത്തിൽ ഗോവയിലും അവിടെ നിന്നു കൊച്ചിയിലും എത്തി. തൃശ്ശൂരിനടുത്തുള്ള അമ്പഴക്കാട് സെമിനാരിയിൽ ചേർന്ന് വൈദികപഠനം പൂർത്തിയാക്കി. 1707 ൽ വൈദികപട്ടം സ്വീകരിച്ചു. ഭാഷാപഠനത്തിൽ നിഷ്ണാതനായിരുന്ന അദ്ദേഹം പോർച്ചുഗീസ്, ഗ്രീസ്, ജർമ്മൻ, ലത്തീൻ, ഇറ്റാലിയൻ, സുറിയാനി, തമിഴ്,

മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടി. ഭാഷാശാസ്ത്രഗ്രന്ഥനിർമ്മാണത്തിലും ഇതരമിഷനറിമാരിൽ നിന്ന് വ്യത്യസ്തനായി മലയാളം പദ്യരചനയിലും അതീവതല്പരനായിരുന്നു അദ്ദേഹം. 1729 ൽ വേലൂരിൽ നിന്ന് പഴുവിൽ സെന്റ് ആന്റണീസ് ദേവാലയത്തിലേക്കു മാറി. അവിടെ ദേവാലയകിണറിനു സമീപം വെച്ച് 1732 മാർച്ച് 20 ന് സർപ്പദംശനമേറ്റ് അദ്ദേഹം മരിച്ചു. 51 വയസ്സായിരുന്നു മരിക്കുമ്പോൾ പ്രായം. അസാധാരണ ഭാഷാവൈഭവം പ്രകടിപ്പിച്ച മിഷനറിമാരിൽ ഒരാളായിരുന്നു അർണോസ് പാതിരി. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.

ഭാഷാശാസ്ത്രസംബന്ധിയായവ എന്നും ആത്മീയസാഹിത്യസംബന്ധിയായവ എന്നും പൊതുവേ അർണോസ് പാതിരിയുടെ കൃതികളെ വിഭജിക്കാം. ആഞ്ചലോ ഫ്രാൻസിസിന്റെ സമകാലികനായിരുന്നു അദ്ദേഹം. 1700 നടുപ്പിച്ച് പാതിരി എഴുതിയ മലയാളം-പോർച്ചുഗീസ് നിഘണ്ടുവാണ് മലയാളത്തിലെ ആദ്യത്തെ ശബ്ദകോശം. അത് പൂർത്തിയാക്കിയിരുന്നില്ല. 'താ' എന്ന അക്ഷരം വരെ മാത്രമേ അതിൽ ചേർത്തിരുന്നുള്ളൂ. മിക്കവാറും സംസ്കൃതപദങ്ങളാണ് അതിലുള്ളത്. കൊടുങ്ങല്ലൂരിലെ ജസ്വീറ്റുമെത്രാനായിരുന്ന ബിഷപ്പ് പിമന്റൽ പിന്നീട് അതുപൂർത്തിയാക്കി. മലയാളം- പോർച്ചുഗീസ് വ്യാകരണം, സംസ്കൃതവ്യാകരണമായ ഗ്രാമത്തിക്കഗ്രന്ഥോലിക്ക എന്നിവയാണ് ഭാഷാശാസ്ത്രരംഗത്തെ അർണോസ് പാതിരിയുടെ സംഭാവനകൾ. കേരളത്തിലെ ക്രൈസ്തവസമൂഹത്തിൽ നിത്യപാരായണഗ്രന്ഥമായിത്തീർന്ന നിരവധി കാവ്യഗ്രന്ഥങ്ങളാണ് അർണോസ് പാതിരിയെ ചിരസ്മരണീയനാക്കുന്നത്. ദൈവമാതാവിന്റെ വ്യാകുലപ്രലാപം, ദൈവമാതാവിന്റെ വ്യാകുലപ്രബന്ധം, പുത്തൻപാന അഥവാ കൂദാശപ്പാന, ആവേമേരിസ്സ്റ്റെല്ല, ഉമ്മാപർവം, ചതുരന്ത്യം എന്നിവയാണ് ക്രൈസ്തവമിത്തോളജിയെ പുരസ്കരിച്ച് അർണോസ് പാതിരി രചിച്ച കൃതികൾ. ജനോപർവമാകട്ടെ തികച്ചുമൊരു സാഹിത്യകൃതിയും.

മലയാളകാവ്യപാരമ്പര്യത്തിൽ നിന്ന് സാങ്കേതികവും സൗന്ദര്യപരവുമായ ഘടകങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ക്രൈസ്തവആത്മീയതയ്ക്ക് ജനകീയ അടിത്തറ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങളാണ് അർണോസ് പാതിരിയുടെ കാവ്യരചനകളെ സവിശേഷമാക്കുന്നത്. രാമചരിതവും, കണ്ണശ്ശകവികളും, കൃഷ്ണഗാഥയും എഴുത്തച്ഛനും പൂന്താനവും തുടങ്ങിവെച്ച ദ്രാവിഡകാവ്യസംസ്കാരത്തെ പിൻപറ്റുകയായിരുന്നു അർണോസ് പാതിരി. മതാത്മകചിന്തയും ആത്മീയതയും സാമാന്യജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കണമെങ്കിൽ മിത്തോളജിയുമായി ബന്ധപ്പെട്ട രചനകളുടെ ഭാഷാ പുനരാഖ്യാനങ്ങൾ ആവശ്യമാണെന്നു മനസ്സിലാക്കി, ഇതിഹാസപുരാണകഥകളെ ഭക്തിസാന്ദ്രവും പ്രബോധനപരമായും അതേസമയം സാഹിത്യഭംഗി നിറച്ചും ആഖ്യാനം ചെയ്തമലയാളകവികളുടെ പാരമ്പര്യം അർണോസ് പാതിരി സ്വാംശീകരിക്കുക യാണുണ്ടായത്. ഒരു പക്ഷേ മലയാളസാഹിത്യചരിത്രത്തിൽ ആദ്യമായി ഒരു ഭാഷാസംസ്കാരത്തിന്റെ ചിഹ്നങ്ങളെ വിനിമയോപാധിയാക്കി ആത്മീയസാഹിത്യം രചിച്ച മിഷനറിയാണ് അദ്ദേഹം. വൃത്തം, അലങ്കാരം, താളം തുടങ്ങിയ ഭാഷാകവിതയുടെ സൗന്ദര്യശാസ്ത്രഘടകങ്ങളെയാണ് ക്രൈസ്തവആത്മീയസാഹിത്യത്തിലേക്കന്വയിച്ചു ചേർത്തത്. അർണോസ് പാതിരിയുടെ രചനകൾ ഒരർത്ഥത്തിൽ കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് മതാത്മകസ്വത്വവും കർത്തൃത്വവും പ്രദാനം ചെയ്തു എന്നു പറയാം. ക്രൈസ്തവമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടത് ഹൈന്ദവരിലെ അയിത്തജാതിക്കാരും ഒരു വിഭാഗം സവർണരുമായിരുന്നു. മതപരിവർത്തനം ചെയ്തിട്ടും ഹൈന്ദവആചാരങ്ങൾ അവർ തുടർന്നുപോന്നിരുന്നു. അതിൽ നിന്ന് വിഘടിപ്പിച്ച് ക്രൈസ്തവമതത്തിന്റേതായ ആചാരങ്ങളിലേക്ക് ലയിപ്പിക്കാൻ നടന്ന സംഘടിതശ്രമമായിരുന്നു 1599 ൽ നടന്ന ഉദയംപേരൂർ സുനഹദോസ്. മതസംസ്കാരത്തിന്റെ തുടർച്ചയ്ക്കും ആത്മീയതയെ എന്നത് നിത്യജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നതിനും പാരായണഗ്രന്ഥങ്ങൾ ആവശ്യമാണെന്ന തിരിച്ചറിവാണ് അർണോസ്പാതിരിയെ ആത്മീയ സാഹിത്യരചനയ്ക്ക് പ്രേരിപ്പിച്ചതെന്നു കാണാം. ബഹുഭൂരിപക്ഷം നിരക്ഷരരായിരുന്ന സമൂഹത്തിൽ, ഓർമ്മയിൽ സൂക്ഷിച്ച് ആരാധനകളിലും മറ്റും ചൊല്ലാവുന്ന തരത്തിലുള്ള ഗാനകാവ്യങ്ങളാണ് അർണോസ് പാതിരി രചിച്ചത്. എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയ ഭക്തികവികളായിരുന്നു അദ്ദേഹത്തിനു മാതൃക. ഭാഷയിലും താളവ്യവസ്ഥയിലും എഴുത്തച്ഛന്റേയോ പൂന്താനത്തിന്റെയോ കവിതകൾക്കുള്ള നൈസർഗ്ഗികലാവണ്യവും സ്വച്ഛതയും സുഗമതയും അർണോസ് പാതിരിയുടെ കാവ്യങ്ങൾക്കില്ലെങ്കിൽത്തന്നെയും അവ ക്രൈസ്തവസമൂഹം ഏറ്റെടുത്തു. ബൈബിൾ കഥയും കഥാപാത്രങ്ങളും കേരളീയ മനസ്സിൽ ആഴത്തിൽ പതിയാൻ ഒരു തരത്തിൽ അദ്ദേഹത്തിന്റെ രചനകൾ കാരണമായി.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും അടിവേരുറപ്പിച്ച കൃതിയാണ് തുഞ്ചത്ത് എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട്. കിളിപ്പാട്ടിനു തുല്യം കേരള ക്രൈസ്തവർക്കിടയിൽ പ്രചാരം സിദ്ധിച്ച കൃതിയാണ് അർണോസ് പാതിരി രചിച്ച പുത്തൻപാന എന്ന കൂദാശപ്പാന. മിശിഹാചരിതം പാന, മിശിഹാടെ പാന, മിശിഹാ ചരിത്രം, രക്ഷാകരവേദകീർത്തനം,

രക്ഷാകരചരിതകീർത്തനം എന്നിങ്ങനെ പല പേരുകളിൽ ഇതറിയപ്പെടുന്നു. എങ്കിലും പുത്തൻപാന എന്ന പേരിലാണ് ഇതിന് പ്രസിദ്ധി. പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലുപയോഗിച്ച പാനവൃത്തത്തിലാണ് ഇത് രചിച്ചിരിക്കുന്നത്. ജ്ഞാനപ്പാനയ്ക്കു ശേഷമുണ്ടായ പാനപ്പാട്ട് എന്ന അർത്ഥത്തിലാകാം പുത്തൻപാന എന്ന പേര് പതിഞ്ഞത്. ആദ്യകാലത്ത് കൈയെഴുത്തുപ്രതികളിലൂടെ പ്രചരിച്ചുപോന്ന ഈ കൃതിക്ക് ഒരച്ചടിപ്പതിപ്പുണ്ടായത് 1862 ലാണ് (ഡോ.കുര്യാസ് കുമ്പളക്കുഴി 2002). ബൈബിൾ കഥ കേരളീയർ ആദ്യമായി പരിചയപ്പെടുന്നത് പുത്തൻപാനയിലൂടെയാണെന്നു പറയാം. ബൈബിൾ നാമങ്ങളും ശൈലികളും അലങ്കാരപ്രയോഗങ്ങളും രൂപകങ്ങളും കേരളഭാഷാസംസ്കാരത്തിന്റെ ഭാഗമായത് ഈ കൃതിയിലൂടെയാണ്. 1811 ൽ ബൈബിൾ പരിഭാഷ മലയാളത്തിലുണ്ടാകുന്നുവെങ്കിലും അത് പ്രചാരമാർജ്ജിച്ചിരുന്നില്ല. എന്നാൽ പാട്ടുരൂപത്തിലുള്ള പുത്തൻപാനയിലൂടെ ബൈബിൾ കഥ പൂർണ്ണരൂപത്തിൽ മലയാളിമനസ്സിൽ കുടിയേറി എന്നു പറയാം.

ഈശ്വരനമസ്കാരം, വസ്തുനിർദ്ദേശം, നമസ്ക്രിയ തുടങ്ങി സംസ്കൃതമലയാള പദ്യകൃതികൾ അവലംബിച്ച രീതികളെ അർണോസ് പാതിരി തന്റെ പദ്യാഖ്യാനങ്ങളിൽ പിന്തുടരുന്നു.

'ആദംചെയ്തപിഴയാലെ വന്നതും

ഖേദനാശവും രക്ഷയുണ്ടായതും

ശിക്ഷയാംവണ്ണം ചൊല്ലുന്നുസത്വരം

സൂക്ഷ്മമാം കഥ കേൾക്കേണമേവരും'

എന്ന തുടക്കം തന്നെ കഥാകഥനത്തിന്റെ ജനകീയ രീതിക്ക് ഉദാഹരണമാണ്. 13 പാദങ്ങളിലായി 1596 ഈരടികളാണ് പുത്തൻപാനയിലുള്ളത്. അച്ചടിച്ചപ്പോൾ വിട്ടുപോയതും വാമൊഴി രൂപത്തിൽ പ്രചരിക്കുന്നതുമായ ഈരടികൾ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ ആഴത്തിൽ പ്രചാരം നേടിയ കൃതിയത്രേ പുത്തൻപാന ഇതിലെ പതിനൊന്നാം പാദത്തിലെ ഈരടികൾ ശവസംസ്കാര ചടങ്ങുകളിലും ദുഃഖവെള്ളിയാഴ്ചകളിലും ക്രൈസ്തവഭവനങ്ങളിലും പള്ളികളിലും പാടുന്ന പതിവുണ്ട്. സ്വതന്ത്രമായ കല്പനകൾ കൊണ്ടു പൊലിപ്പിച്ചും വികാരസാന്ദ്രമായും ആത്മീയമായ ഒരാനന്ദനിർവൃതിയിൽ മുഴുകിയും, അതേസമയം കഥയിലേക്ക് ആസ്വാദകരെയും ഭക്തരെയും വലിച്ചടുപ്പിക്കുന്ന രീതിയിലുമാണ് ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നത് എന്ന് കാണാം. ബൈബിളിലില്ലാത്തതും വാമൊഴി പാരമ്പര്യത്തിലുള്ളതുമായ കഥാമുഹൂർത്തങ്ങളെ കവി ഇതിൽ കൂട്ടിച്ചേർക്കുന്നുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണം പ്രതിപാദിക്കുന്ന പതിമൂന്നാംപാദം ഇതിനുദാഹരണമാണ്.

'ഇന്നിവാസമെനിക്കില്ല ഭൂമിയിൽ

എന്നുമ്മയോടും ശിഷ്യജനത്തോടും

എൻ പിതാവെന്നെപ്പാർത്തുവിളിക്കുന്നു

ഞാൻ പോവാൻ വട്ടംകൂട്ടുന്നു കന്യകേ'

എന്ന ഭാഗത്ത്, അമ്മ മറിയവുമായുള്ള യേശുവിന്റെ കൂടിക്കാഴ്ചയും യാത്രപറയലും വിവരിക്കുന്നു. എന്നാൽ ഇത് ബൈബിളിൽ ഉള്ളതല്ല. വാമൊഴിയായി പ്രചരിക്കുന്നവയാണ്. ബൈബിളുമായി ബന്ധപ്പെട്ട ലിഖിതവും അലിഖിതവുമായ പാരമ്പര്യങ്ങളെ മുഴുവൻ സ്വാംശീകരിക്കാൻ കവി ശ്രമിക്കുന്നു.

ലളിതവും ഹൃദ്യവുമായ പ്രതിപാദനത്തിനുതകും വിധം പാനപ്പാട്ടിനെ ഒരു സങ്കേതമായി വികസിപ്പിക്കാൻ അർണോസ് പാതിരിക്കു കഴിഞ്ഞിട്ടുണ്ട്. ലളിതമായ ഘടനയുള്ള വൃത്തമാണ് പാനപ്പാട്ടിനുപയോഗിക്കുന്ന സർപ്പിണി. തത്ക്കാല സൃഷ്ടിയാണെന്നു തോന്നുവിധം ലളിതമാണെങ്കിലും വികാരനിർഭരവും ഗഹനവുമാണ് ഇതിന്റെ ശൈലി. പണ്ഡിതനെയും പാമരനെയും ഒരുപോലെ ആഖ്യാനത്തിലേക്കാ കർഷിക്കുന്ന പാനപ്പാട്ടിന്റെ ഘടനയാണ് പുത്തൻപാനയെ ഇത്രമേൽ ജനകീയമാക്കിയത് എന്നു പറയാം. സാത്താന്റെ പ്രലോഭനം ചിത്രീകരിക്കുന്ന രണ്ടാംപാദത്തിലെ പ്രതിപാദനം നോക്കൂ.

'കണ്ട കാകനിയുണ്ടുകൊണ്ടിങ്ങനെ

കുണ്ഠരായ് നിങ്ങൾ വാഴ്വതഴകിതോ

സാരമായ കനി ഭുജിച്ചീടാതെ

സാരഹീനഫലങ്ങളും ഭക്ഷിച്ചു

നേരറിയാതെ സാരരഹിതരായ്

പാരിൽ മൃഗസമാനമെന്തിങ്ങനെ

എത്ര വിസ്മയമായ കനിയിതു

ഭദ്രമാണെന്റെ വാക്കെന്നറിഞ്ഞാലും

നന്മയും ശുഭമേറിയ കായ്കനി

തിന്മാനും രുചിയുണ്ടതിനേറ്റവും

ഭാഗ്യമായ കനിയിതു തിന്നുവാൻ

യോഗ്യരോ നിങ്ങളെന്നറിഞ്ഞില്ല ഞാൻ

അറ്റമില്ലതു തിന്നാലതിൻ ഗുണം

കറ്റവർക്കറിയാമെന്നതേ വേണ്ടൂ

ദിവ്യമായ കനിയിതുതിന്നുകിൽ

ദേവനുസമമായി വരും നിങ്ങളും

ആയതുകൊണ്ടു ദേവൻ വിരോധിച്ചു

ആയുപായത്തട്ടിപ്പുഗ്രഹിച്ചു ഞാൻ

സ്നേഹം നിങ്ങളെയുണ്ടെന്നതു കൊണ്ടു

മഹാസാര രഹസ്യം പറഞ്ഞു ഞാൻ'

ലാളിത്യത്തിന്റെയും പ്രാസലയസമന്വിതമായ ആഖ്യാനത്തിന്റെയും ദൃഷ്ടാന്തങ്ങളി ലൊന്നാണിത്. ഏതൊരു ഭക്തിഗ്രന്ഥത്തെയും പോലെ ആവർത്തിച്ചാലും ആവർത്തിച്ചാലും മടുക്കാത്തതരത്തിലാണ് ഇതിന്റെ രചനാഘടനയെന്നു കാണാം. ലളിതവും ഹൃദ്യവും സരസവും സുന്ദരവുമായി ഒരു നാടോടിപ്പാട്ടുപോലെ ബൈബിൾ കഥ പറയുന്ന പുത്തൻപാന കേരളീയസമൂഹത്തിൽ ക്രൈസ്തവആത്മീയതയെ ദൃഢതരമാക്കി പ്രതിഷ്ഠിച്ചകാവ്യമാണ്.

സംസ്കൃതത്തിലും മലയാളത്തിലും ഒരുപോലെ പാണ്ഡിത്യമുള്ള കവിയായിരുന്നു അർണോസ് പാതിരി. വൃത്തമാണ് കവിതയുടെ സങ്കേതങ്ങളിൽ ഏറ്റവും പ്രധാനമായി അദ്ദേഹം കണ്ടത്. ക്രൈസ്തവകഥകൾ ജനമനസ്സുകളിൽ ആഴത്തിൽ പതിയണമെങ്കിൽ ദ്രാവിഡവൃത്തങ്ങളാണ് ഏറ്റവും ഉചിതമെന്ന് അദ്ദേഹം മനസ്സിലാക്കി. വൃത്തവും വികാരവും തമ്മിലുള്ള ബന്ധം മനസ്സിലാക്കിക്കൊണ്ടു തന്നെ തന്റെ പദ്യകൃതികളുടെ പ്രമേയത്തിനനുസരിച്ച് വൃത്തം മാറിമാറി ഉപയോഗിച്ചു. ഇക്കാര്യത്തിൽ അദ്ദേഹത്തിനു മാതൃകയായത് എഴുത്തച്ഛനാണെന്നു പറയാം. വൃത്തവും വികാരവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ കവിയായിരുന്നുവല്ലോ എഴുത്തച്ഛൻ.

ഉമ്മാടെ ദുഃഖം അഥവാ ദേവമാതാവിന്റെ വ്യാകുലപ്രലാപം അദ്ദേഹത്തിന്റെ വേറിട്ട രചനകളിലൊന്നാണ്. യേശു കുരിശിൽ വധിക്കപ്പെടുമ്പോൾ അമ്മയായ മറിയവും ആ ദാരുണരംഗത്തിന് സാക്ഷിയായിരുന്നു. ഏകമകന്റെ ദാരുണമായ മരണം കാണുന്ന ഒരമ്മയുടെ വിലാപമായി എഴുതിയിട്ടുള്ള നതോന്നതവൃത്തത്തിലുള്ള 87 ഈരടികളുള്ള കാവ്യമാണ് ഉമ്മാടെ ദുഃഖം.

"അമ്മ കന്യാമണിതന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ

നന്മയാലേ മനസ്സുറ്റുകേട്ടുകൊണ്ടാലും

ദുഃഖമൊക്കെപ്പറവാനോ വാക്കുപോരാമാനുഷർക്കു

ഉൾക്കനെചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ

എന്മനോ വാക്കിൻവശംപോൽപറഞ്ഞാലൊക്കെയുമില്ല

അമ്മകന്നിതുണയെങ്കിൽ പറയാമെല്ലാം'

എന്നിങ്ങനെ വിലാപം ആവിഷ്കരിക്കുന്നു. വഞ്ചിപ്പാട്ടുവൃത്തമായ നതോന്നതയെ വിലാപാവിഷ്ക്കാരത്തിനു സജ്ജമാക്കിയിരിക്കുന്നു മലയാളകവിതയിലുണ്ടായ ആദ്യത്തെ വിലാപകാവ്യമായി ഈ രചനയെ കണക്കാക്കാവുന്നതാണ്.

ദേവമാതാവിന്റെ വ്യാകുലപ്രബന്ധം ദ്രാവിഡവൃത്തരീതി വിട്ട് സംസ്കൃത വൃത്തത്തിൽ രചിച്ച ഗഹനമായ കാവ്യമാണ്. സംസ്കൃതഭാഷയിലുള്ള കവിയുടെ പാണ്ഡിത്യം പ്രകടമാകുന്ന കൃതി. യേശുവിന്റെ പീഡാനുഭവങ്ങളും മരണവും മാതാവിന്റെ ഹൃദയത്തിലുണ്ടാക്കിയ പ്രതികരണങ്ങളുടെ ആവിഷ്ക്കാരമാണീ രചന.

'അനന്തദൈവം ഗുണസർവമൂലം
മനുഷ്യവർഗ്ഗം പ്രതിമാർദ്ദവത്താൽ
പിറന്നുദീനം ധരയിൽ വളർന്നു
നടത്തിവേദം ദുരിതം കളഞ്ഞു

മുപ്പത്തിമൂന്നുവരിഷം കഴിഞ്ഞു
ഈ ലോകദോഷോത്തരവും കഴിച്ചു
കുരിശ്ശിലേറ്റു തനുദുഃഖമേറ്റം
സ്വകീർത്തിഹീനം ബഹുസങ്കടത്താൽ

പ്രഭാകരൻ സൂര്യനിലേറ്റമീശോ
അനന്തലോകേദിനമാവഹിക്കും
ഭയങ്കരം തൽഗ്രഹണംസുകഷ്ടം
എന്തിങ്ങനെ നിൻ പ്രഭയസ്തമിച്ചു'

എന്ന മട്ടിലുള്ള ശ്ലോകങ്ങൾ തത്ത്വചിന്താപരവും ആത്മീയപ്രബോധനത്തിലൂന്നുന്നതുമാണ് ഉപജാതി, ഇന്ദ്രവജ്ര എന്നീ വൃത്തങ്ങളിലാണ് 63 ശ്ലോകങ്ങളടങ്ങിയ ദൈവമാതാവിന്റെ വ്യാകുലപ്രബന്ധം രചിച്ചിരിക്കുന്നത്.

കേരളീയമനസ്സുകളിൽ ഭക്തിതത്ത്വചിന്തയ്ക്ക് ആഴവും പരപ്പും സൃഷ്ടിച്ച രചനയാണ് എഴുത്തച്ഛന്റെ ഹരിനാമകീർത്തനവും അതുപോലെ പൂന്താനത്തിന്റെ ജ്ഞാനപ്പാനയും ജീവിതത്തിന്റെ ദുരിതങ്ങളെ അതിജീവിക്കാനുള്ള ആത്മീയ പ്രബോധനങ്ങൾ നിറഞ്ഞ രചനകളെന്നു പറയാം. ആത്മീയ ശുദ്ധീകരണത്തിന്റെ ആ കാവ്യമാർഗ്ഗം അനുവർത്തിച്ചു കൊണ്ട് അർണോസ് പാതിരി രചിച്ച കൃതിയാണ് ചതുരന്ത്യം, മരണപർവം, വിധിപർവം, നരകപർവം, മോക്ഷപർവം എന്നിവയാണ് ഇതിലെ രചനകൾ. മരണാസന്നനായ ഒരുവന്റെ ചിന്തകളെ പിന്തുടരുന്ന കാല്പനികമായ ഒരു കാവ്യം എന്നും പറയാം മരണപർവത്തെ.

'എങ്ങോട്ടു പോകുന്നുവെന്നു ചോദിക്കുകിൽ
എന്തുപറയേണ്ടൂ അയ്യോ പാപം
എവിടത്തിൽ നിന്നു വാങ്ങുന്നുവെന്നെല്ലാം
അന്വേഷിക്കിലതു പറവൻ ഞാൻ
ജന്മഭൂമിയേയും ബന്ധുജനത്തേയും
ഭൗമ്യമെല്ലാം പിരിഞ്ഞുപോകുന്നേൻ
എങ്ങുന്നുപോകുന്നുവെന്നറിഞ്ഞു ഞാൻ
എങ്ങോട്ടു യാത്രയെന്നറിഞ്ഞില്ല
ഞാനറിയാത്തൊരു ദിക്കിൽ പോയ് വാങ്ങുന്നു
നന്നതാകാത്തതോ സൂക്ഷമമില്ല'

ധർമ്മോപദേശ പ്രവണമായ കൃതിയാണ് കാകളി വൃത്തത്തിലെഴുതിയ വിധിപർവം. ലോകത്തിന്റെ അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തകളടങ്ങിയ ഈ പദ്യകൃതി ജീവിതത്തിന്റെ നിസ്സാരതയെക്കുറിച്ചും പ്രപഞ്ചത്തിന്റെ അപാരതയെക്കുറിച്ചുമുള്ള മതാത്മകചിന്തകൾ കൊണ്ടു

നിർഭരമത്രേ. സദാചാരപരവും ധാർമ്മികവുമായ ഉദ്ബോധനം ലക്ഷ്യമാക്കിയുള്ള രചനയെന്നു പറയാം. 'നല്ല പ്രവൃത്തികൾ ചെയ്യുന്നവരും സുകൃതങ്ങൾ നേടിയവരും തപോധനന്മാരും ധർമ്മം നിലനിർത്തുന്നവരുമായ എല്ലാവരും ഞാൻ പറയുന്ന വാർത്തകൾ കേൾക്കുക, നന്മതിന്മകളുടെ ഫലവും ശാശ്വതമായ സമ്മാനങ്ങളും സംക്ഷിപ്തമായി ഞാൻ വിവരിക്കാം. ഇതൊക്കെ വാസ്തവമായും സത്യമാണ്. ഈ മുഴുവൻ ഭൂമിയും വനങ്ങളും നഗരങ്ങളും വാസഗൃഹങ്ങളും ഈ പ്രപഞ്ചമാകെത്തന്നെയും ഇല്ലാതായിത്തീരും. മൃഗങ്ങളുടെയും പക്ഷികളുടെയും മത്സ്യങ്ങളുടെയും മനുഷ്യരുടെയും ജനനവും മരണവും എല്ലാം സർവേശ്വരന്റെ കല്പനയാൽ ഇല്ലാതായിത്തീരും' എന്ന തുടക്കം ശ്രദ്ധിക്കുക. ലോകാവസാനത്തെക്കുറിച്ചുള്ള ഭീതിദമായ ഒരു വർണന ഈ കൃതിയിലുണ്ട്. ലോകനാശം എന്നു സംഭവിക്കുമെന്ന് സ്വർഗവാസികളായ മാലാഖമാർക്കോ ഭൂമിയിൽ കഴിയുന്ന മനുഷ്യർക്കോ അറിയില്ല എന്ന പറയുന്ന കവി, ഉൽക്കിടിലത്തോടെ അതിനെ ഭാവന ചെയ്യുന്നു.

"പ്രളയസമയവിധി വരുവതിനഥ പുരസര

ഘോര മഹാഭയ ലക്ഷ്മ മുണ്ടായ് വരും

വസുമതിയിൽ ഋതവുമഖില സുഖദഗുണങ്ങളും

സന്ധ്യാനുകൂല്യവു മൊഴിഞ്ഞുവാങ്ങീടും

അതിനു പകര മദയ പരിഭവകുലനാശവും

ലോകേ പൂരിക്കും ലോകം ദുഃഖിക്കും ക്ഷിതൗ

രിപുഭയ കപടഗദ ബഹുവിധപരിതാപവും

ദണ്ഡസമൂഹവും നിറഞ്ഞിടും ഭൂവി

നരപതികളു മധിപതികളുമവനിപാലരും

അന്യോന്യ യുദ്ധത്തിനൊരുമ്പെടും തദാ

സപദി ബഹുഭയദ കളകളരവ വിരാവവും

ഭീതിദ നാദവും നീളേ മുഴങ്ങിടും"

എന്ന് വർണ്ണന എഴുത്തച്ഛന്റെ കവിതയുടെ താളവും ഗാഭീര്യവും കാലദർശനവും പ്രത്യക്ഷത്തിൽ ഓർമ്മിപ്പിക്കുന്നു. എഴുത്തച്ഛന്റെ കലിയുഗവർണണനായി തോന്നും ഈ വരികൾ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്താൽ പാതിരിയുടെ കവിതയുടെ സ്വാംശീകരണസ്വഭാവമാണിത്. ശക്തവും പ്രചോദനാത്മകവുമായ ഒരു സുവിശേഷത്തിന്റെ ഘടനയിൽ എഴുതിയ കൃതിയാണ് വിധിപർവം. കാകളി വൃത്തത്തിലുള്ള 250 ഈരടികളാണ് ഈ പദ്യത്തിലുള്ളത്.

നാമജപഘടനയിലെഴുതിയ കൃതിയാണ് നരകപർവം.

'വിഷ്ടപ ത്രയനാഥ, സകലഗുണപൂർണ്ണ

സ്രഷ്ടപാലനാശന സർവേശ്വരായ നമഃ

ഭക്തവത്സലദേവ നിർമ്മലജനപ്രിയ

ഷ്കൃതശാസ്താ വൃത്തിദോഷസേവകദ്വേഷി

നിശ്ശേഷഗുണാംബുധി, നിത്യസ്വഭാവേ നമഃ

അശരീരിമംഗല സർവചാരുരൂപക

സർവ്വജ്ഞ സർവവ്യാപി സർവകാരണദേവ'

എന്ന മട്ടിലുള്ള വരികളിൽ ഇഷ്ടദൈവത്തിന് പര്യായപദങ്ങൾ കൊണ്ട് മാലകോർക്കുന്ന എഴുത്തച്ഛന്റെ ഈശ്വരനാമ ജപരീതിയുടെ പ്രകടമായ സ്വാധീനം കാണാം. ബൈബിൾ കഥകളും സാരോപദേശകഥകളും കൊണ്ട് നിർഭരമാണ് നരകപർവത്തിലെ 632 ഈരടികൾ. സംസ്കൃതത്തിലും ഭാരതീയകാവ്യപാരമ്പര്യത്തിലുമുള്ള കവിയുടെ ഗാഢബന്ധം വ്യക്തമാകുന്ന പദ്യകൃതികളിലൊന്നാണ് മോക്ഷപർവം. 521 ഈരടികളാണ് ഇതിലുള്ളത്. ഈ രചനയിലും ഭക്തിപാരമ്പര്യത്തിൽപ്പെടുന്ന മലയാളരചനകളുടെ ഘടനാപരവും അന്തർഭാവപരവുമായ പ്രത്യേകതകളെ ഉൾക്കൊണ്ടിരിക്കുന്നു.

ദേവസുകന്യാചരിത്രഗാനം എന്നുകൂടി പേരുള്ള ഉമ്മാപർവം യമകകാവ്യമാണ്. ഒരേ അക്ഷരക്കൂട്ടം അർത്ഥഭേദത്തോടെ ആവർത്തിക്കുന്നതാണ് യമകം എന്ന ശബ്ദാലങ്കാരം. നിയോക്ലാസ്സിക്

കാവ്യചരിത്രത്തിൽ കവികൾ തങ്ങളുടെ ഭാഷാവൈഭവവും പാണ്ഡിത്യവും പ്രകടിപ്പിക്കാനാണ് യമകകാവ്യനിർമ്മിതിയിലേർപ്പെട്ടത്. സംസ്കൃതത്തിലും മലയാളത്തിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന അർണോസ് പാതിരി, അക്കാലത്തെ മുഖ്യധാരാകവിതാരീതിയെ ഞെട്ടിച്ചുകൊണ്ട്, ബൈബിൾകഥ യമകരൂപത്തിൽ എഴുതിയതാണ് ഉമ്മാപർവം. യേശുവിന്റെ അമ്മയായ മറിയത്തെ കേന്ദ്രമാക്കി എഴുതിയ കൃതിയാണിത്. മറിയത്തെപ്പറ്റി മലയാളത്തിലുണ്ടായ ആദ്യ രചന എന്നിതിനെ വിശേഷിപ്പിക്കാം.

'സുപർവതത്തോടൊപ്പം നിന്നുടെ ഗുണനിധി

സുപർവാഗുണോപരിശോഭിച്ചു വിളങ്ങുന്നു

ജനനകാലേ ധർമ്മമാത്മാവിൽ നിറഞ്ഞിട്ടു

ജനനായകക്കല്ലേ പിന്നെയും വർദ്ധിച്ചിതു

ഗണനം കൂട്ടിക്കൊൾവാൻ വിഷമമുണ്ടുധർമ്മ

ഗണനൽഗുണമെല്ലാം ചിന്തിച്ചാലറ്റംവരാ'

എന്ന മട്ടിൽ, കേകവൃത്തത്തിൽ 477 ഈരടികളിലായിട്ടാണ് ഉമ്മാപർവം എഴുതിയിരിക്കുന്നത്. ഭാരതീയ ഇതിഹാസമായ മഹാഭാരതത്തോടുള്ള ആരാധനയാവാം അതിലെ അധ്യായങ്ങളുടെ പർവം എന്ന പേരിനെ അനുസ്മരിച്ചുകൊണ്ട് ഈ കൃതിക്ക് ഉമ്മാപർവം എന്ന് പേരിട്ടിരിക്കുന്നത്.

അർണോസ് പാതിരിയുടെ കാവ്യങ്ങളിൽ സാഹിത്യപ്രാധാന്യമുള്ള കൃതിയാണ് ജനോവാപർവം. ഒരു ചരിത്രകഥയുടെ ഖണ്ഡകാവ്യരൂപത്തിലുള്ള ആഖ്യാനമാണിത്. മലയാളകവിതയിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രാബല്യം നേടിയ കാവ്യപ്രസ്ഥാനങ്ങളിലൊന്നായിരുന്നു ഖണ്ഡകാവ്യം. പുരാണ ഇതിഹാസങ്ങളിൽ നിന്നോ ചരിത്രത്തിൽ നിന്നോ എടുത്ത, ചിലപ്പോൾ കല്പിതകഥകളും ആവാം ചില പ്രത്യേക ലക്ഷ്യം മുൻനിർത്തി ആഖ്യാനാത്മകമായി പ്രതിപാദിക്കുന്നതാണ് ഖണ്ഡകാവ്യങ്ങൾ. ആധുനിക കവിത്രയകവികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കഥാകാവ്യങ്ങൾ ജനകീയമായ ആസ്വാദനസംസ്കാരം സൃഷ്ടിച്ചവയാണ്. ഈ കാവ്യപ്രസ്ഥാനത്തിന്റെ തുടക്കക്കാരൻ ഒരു പക്ഷേ അർണോസ് പാതിരിയാണ്. ഖണ്ഡകഥാമട്ടിലെഴുതിയ ആദ്യത്തെ മലയാളപദ്യകൃതി അദ്ദേഹത്തിന്റെ ജനോവാപർവമാണെന്നു പറയാം.

ഒരു ചരിത്രകഥയാണ് ഇതിന്റെ ഇതിവൃത്തം. എട്ടാം നൂറ്റാണ്ടിൽ യൂറോപ്പ് ഭരിച്ചിരുന്ന കാറൽമാൻ ചക്രവർത്തിയുടെ വീരാപദാന കഥകളിൽപ്പെട്ടതാണിത്. കാറൽമാൻ ചക്രവർത്തിയുടെ സാമന്ത രാജാക്കന്മാരിൽ ഒരാളായിരുന്നു സിപ്രസോ. അദ്ദേഹത്തിന്റെ ഭാര്യയും ജർമ്മൻ പ്രഭുകുമാരിയുമാണ് ജനോവ. സിപ്രസോ ചക്രവർത്തിക്കുവേണ്ടി യുദ്ധരംഗത്തേക്ക് പോയ വേളയിൽ രാജ്യഭരണചുമതല മന്ത്രിമുഖ്യനായ ഗോലോവിനായിരുന്നു. ഗോലോവിൽ നിന്ന് ജനോവയ്ക്ക് പലവിധ പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. അയാളുടെ ഇംഗിതത്തിനു വഴങ്ങാത്തതിന് ഗർഭിണികൂടിയായ ജനോവയെ ഗോലോവ് തുറുങ്കിലടച്ചു. തടവറയിൽ രാജ്ഞി ഒരാൺകുഞ്ഞിനു ജന്മം നൽകി. യുദ്ധരംഗത്ത് നിന്ന് തിരിച്ചെത്തിയ സിപ്രസോ ഗോലോവിന്റെ ഏഷണിക്ക് വഴങ്ങി, രാജ്ഞിയെയും മകനെയും വനത്തിൽ കൊണ്ടുപോയി വധിക്കാൻ കല്പന ചെയ്തു. വനത്തിൽ കൊണ്ടുപോയ രാജഭടന്മാരാകട്ടെ ജനോവയെയും കുഞ്ഞിനെയും കൊല്ലാൻ മനസ്സുവരാഞ്ഞ് കാട്ടിൽ ഉപേക്ഷിച്ചു. അഞ്ചുവർഷം രാജ്ഞിയും മകനും കാട്ടിൽ കഴിഞ്ഞു. കാലക്രമത്തിൽ സത്യം പുറത്തുവരികയും പശ്ചാത്താപവിവശനായ സിപ്രസോ യാദൃച്ഛികമായി വനത്തിൽ വെച്ച് ഭാര്യയെയും മകനെയും കണ്ടെത്തുകയും ചെയ്യുന്നു. ഗോലോവിന് അർഹമായ ശിക്ഷ ലഭിച്ചു. ജനോവ വീണ്ടും രാജ്ഞിയായി. ഏറെ വർഷങ്ങൾ കഴിഞ്ഞ് ജനോവാ ഇഹലോകവാസം വെടിഞ്ഞപ്പോൾ, രാജാവു മകനെ രാജ്യഭാരം ഏല്പിച്ചു വനവാസം സ്വീകരിച്ചു.

ഇതാണ് ജനോവാപർവത്തിൽ ആഖ്യാനം ചെയ്യുന്ന കഥ. ആദിമധ്യാന്ത പ്പൊരുത്തമുള്ള ഒരു കഥയായി ആഖ്യാനം ചെയ്തിരിക്കുന്നു. സുഘടിതവും രസപൂർണ്ണവുമാണ് ഇതിന്റെ ആഖ്യാനം. തന്റെ നാടിന്റെ പാരമ്പര്യത്തിൽ നിന്ന് ഉൾക്കൊണ്ട കഥ, മറ്റൊരു നാടിന്റെ പാരമ്പര്യത്തിലിരുന്നും ഭാഷ ഉപയോഗിച്ചും ആഖ്യാനം ചെയ്തതിന്റെ പുതുമയാണ് ജനോവാപർവത്തിന്റെ പ്രത്യേകത. തന്റെ ഇതരകൃതികളിലെല്ലാം മതാത്മകവും അദ്ധ്യാത്മികവുമായ വിഷയങ്ങൾ പ്രമേയമാക്കിയ അർണോസ് പാതിരി തികച്ചും സാഹിതീയമായതും മനുഷ്യബന്ധങ്ങളുടെയും പാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും സങ്കീർണ്ണതകൾ നിറഞ്ഞതുമായ ഒരു കഥ ആഖ്യാനം ചെയ്തിരിക്കുന്നു എന്നതാണ് ജനോവാപർവത്തെ വേറിട്ടതാക്കുന്നത്.

## Conclusion

അതിബൃഹത്തായ ഭാഷാസാഹിത്യപ്രവർത്തനമാണ് ചുരുങ്ങിയ കാലത്തിനുള്ളിൽ അർണോസ് പാതിരി നടത്തിയത്. കൂതാശപ്പാന അഥവാ പുത്തൻപാന, ഉമ്മാടെ ദുഃഖം, ചതുരന്ത്യം എന്നു പേരുള്ള, വിധിപർവം, നരകപർവം, മോക്ഷപർവം, ഉമ്മാടെ ദുഃഖം, ദേവമാതാവിന്റെ വ്യാകുലപ്രബന്ധം, ഉമ്മാപർവം, ജനോവാപർവം എന്നിവയാണ് അർണോസ് പാതിരിയുടെ സാഹിത്യസംഭാവനകൾ. പതിനെട്ടാം നൂറ്റാണ്ടിലെ കേരളീയ സാഹിത്യാന്തരീക്ഷത്തിലുദിച്ച ഒരു സൂര്യൻ തന്നെയായിരുന്നു അർണോസ് പാതിരി. ഇതിഹാസപുരാണ കേന്ദ്രീകൃതമായ ഹൈന്ദവഭക്തിപ്രസ്ഥാനസാഹിത്യത്തിന്റെ പാരമ്പര്യത്തെ ഉൾക്കൊണ്ടും സ്വാംശീകരിച്ചും ക്രൈസ്തവആത്മീയതയ്ക്ക് കവിതയിലൂടെ ജനകീയ പ്രചാരം നൽകാൻ ശ്രമിച്ചു എന്നതാണ്, കേരളീയ സംസ്കാരചരിത്രത്തിൽ അർണോസ് പാതിരിയെ വ്യത്യസ്തനാക്കുന്നത്. സാഹിത്യസംസ്കാര സ്വാംശീകരണത്തിന്റെ ആദ്യത്തെ കേരളീയ മാതൃകയാണ് അർണോസ് പാതിരി. കേരളഭാഷയിലേക്കും സാഹിത്യത്തിലേക്കും ക്രൈസ്തമിത്തോളജിയുടെ പ്രവേശം സാധ്യമാക്കിയത് അർണോസ് പാതിരിയിലൂടെയാണ്. ഒരർത്ഥത്തിൽ കേരളീയ സംസ്കാരത്തിന്റെ ബഹുസ്വരതയ്ക്ക് അടിത്തറയിടാൻ അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ചുരുക്കത്തിൽ ആത്മീയസാഹിത്യത്തിലൂടെ ക്രൈസ്തവ സമൂഹത്തെയും കേരളത്തിന്റെ മുഖ്യധാരാസംസ്കാരത്തെയും വിപുലീകരിക്കാൻ കഴിഞ്ഞു അർണോസ് പാതിരിയുടെ രചനകൾക്ക്.

## References


Arnos Padiri (2002), Arnos Padiriyude Kavyamgal, Critical Edition, Dr.Sam.N, Dr. Kurias, Kumbalakuzhi, Dr. Benjamin D, Current Books, Kottayam, Kerala, India.

Samuel Chandanapally (1992), Works of Rev. George Mathen Texts and Study, Oriental Research Institute, D C Books, Kottayam, Kerala, India.

Ulloor S. Parameswara Iyer (2019), Sam N (Ed.), History of Kerala Literature, Kottayam, D C Books, Kerala, India.

Venugopalan Nair S V (2010), History of Malayalam Language, Trivandrum, Maluben Publishers, Kerala, India.



## Funding

No funding was received for conducting this study.

## Does this article screened for similarity?

Yes

## Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.



## About the License

© The Author 2023. The text of this article is open access and licensed under a Creative Commons Attribution 4.0 International License



### Cite this Article

R. Chandrabose, Cultural Assimilation and Christian Spirituality in the Writings of Arnos Padiri, Indian Journal of Multilingual Research and Development, Vol 4, Iss 2 (2023) 8-17. DOI: https://doi.org/10.54392/ijmrd2322